ബൈബിൾ ചിത്രകഥ

# പ്രകൃതിയുടെ നാഥൻ

MAR LOUIS PUBLICATIONS



## ബൈബിൾ ചിത്രകഥ - 37

# പ്രകൃതിയുടെ നാഥൻ

യേശുവിന്റെ വാക്കുകളും പ്രവർത്തനങ്ങളും ദൈവത്തിന്റെ സ്നേഹവും കാരുണ്യവും പ്രകടമാക്കുന്നതോടൊപ്പം തന്റെതന്നെ വ്യക്തിത്വം വെളിവാക്കുന്നതുമായിരുന്നു. അവന്റെ വാക്കാൽ കുഷ്ഠരോഗികൾ സുഖം പ്രാപിച്ചു; തളർവാതരോഗികൾ എണീറ്റു നടന്നു. മരിച്ചവൻ ജീവൻ പ്രാപിച്ചു. പാപഭാരം പേറി തളർന്നവർ മോചനം പ്രാപിച്ചു പുതിയ മനുഷ്യരായി. ആരാണ് ഈ യേശു? പ്രവാചകൻ, വിമോചകൻ, വരാനിരുന്നവൻ എന്ന പേരുകളൊന്നും യേശുവിന്റെ വ്യക്തിത്വത്തെ പൂർണ്ണമായി അവതരിപ്പിക്കാൻ പര്യാപ്തമല്ല.

ദൈവത്തിനുമാത്രം നല്കാൻ കഴിയുന്ന പാപമോചനം യേശു നല്കുന്നെങ്കിൽ അവൻ ദൈവത്തിന്റെതന്നെ അധികാരമുള്ളവനായിരിക്കണം എന്ന് ഊഹിക്കാൻ കഴിയും. എന്നാൽ ഒരു മനുഷ്യന് എങ്ങനെ ദൈവത്തിന്റെ അധികാരം ഉപയോഗിക്കാനാവും? ഒരു തീരുമാനമെടുക്കാൻ ഏകദൈവവിശ്വാസികളായ യഹൂദർക്കു പ്രയാസമായിരുന്നു. അതേസമയം യേശു ആരാണെന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തുകയും വേണം. യേശുവിന്റെ വ്യക്തിത്വത്തെ കൂടുതൽ വെളിപ്പെടുത്തുന്ന ചില സംഭവങ്ങൾ ഈ കഥയിൽ അവതരിപ്പിക്കുന്നു. കൊടുങ്കാറ്റിനെ ഒറ്റ വാക്കാൽ ശാന്തമാക്കാനും മരിച്ചവരെ ഉയിർപ്പിക്കാനും കഴിയുന്നവൻ ഈ പ്രപഞ്ചത്തിന്റെ തന്നെ നാഥനാണ്.

സ്നാപകയോഹന്നാന്റെ ശിരച്ഛേദനം യഥാർത്ഥ പ്രവാചകന്മാരുടെ അന്ത്യത്തിനു മാതൃകയാണ്. അധർമ്മത്തെ എതിർക്കുന്നവർക്കു ജീവൻ നഷ്ടപ്പെടും. അധർമ്മത്തെ ഉന്മൂലനം ചെയ്യാൻവന്ന യേശുവിന് എന്തു സംഭവിക്കും എന്നതിന്റെ ഒരു സൂചനയും ഇവിടെ കാണാം.

Published by : MAR LOUIS PUBLICATIONS
Broadway, Ernakulam
Kochi - 682 031, Ph: 0484-2352110
Website : www.marlouiskochi.com
E-mail : mlbookcentre@gmail.com
mlpekam@gmail.com

ജാതിയുടെയും വർഗ്ഗത്തിന്റെയും പേരിൽ ആരെയും അവഗണിക്കുകയോ തരംതാഴ്ത്തുകയോ ചെയ്യരുതെന്ന് യേശു പഠിപ്പിച്ചു. യേശുവിന്റെ ഉറ്റ ബന്ധുക്കൾപോലും അവനിൽ വിശ്വസിച്ചില്ല. യേശുവുമായുള്ള രക്തബന്ധമല്ല, അവന്റെ വാക്കനുസരിച്ചുള്ള ജീവിതമാണ് പ്രധാനപ്പെട്ടത്. ദൈവവചനം അനുസരിച്ചു ജീവിക്കുന്നവർ യേശു സ്ഥാപിക്കുന്ന പുതിയ കുടുംബത്തിലെ അംഗങ്ങളാകുന്നു. മനുഷ്യരെയെല്ലാം ഒരേ കുടുംബത്തിലെ അംഗങ്ങളും പരസ്പരം സഹോദരീസഹോദരങ്ങളും ആക്കാൻ വേണ്ടിയാണ് യേശു വന്നത്.


ദൈവത്തിന്റെ അനന്തമായ സ്നേഹത്തെയും അതിനു മനുഷ്യൻ നല്കേണ്ട മറുപടിയെയും കുറിച്ച് അനേകം ഉപമകളിലൂടെ യേശു പഠിപ്പിച്ചു. അനുദിനജീവിതത്തിൽനിന്ന് അടർത്തിയെടുത്ത ഉദാഹരണങ്ങളാണ് ഉപമകൾ. വിത്തിന്റെയും വയലിന്റെയും വലയുടെയും വിളക്കിന്റെയും എല്ലാം ഉദാഹരണങ്ങൾ ഏവർക്കും ഗ്രഹിക്കാൻ മാത്രം ലളിതമാണ്. എന്നാൽ അവയിലൂടെ യേശു വെളിപ്പെടുത്തിയ ദൈവികസത്യം ശിഷ്യന്മാർക്കു മാത്രമേ മനസ്സിലാവുകയുള്ളൂ. തങ്ങൾ കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞ കാര്യങ്ങൾ ശിഷ്യന്മാർ ലോകത്ത് എല്ലായിടത്തും പ്രഘോഷിക്കണം. യേശുവിനെക്കുറിച്ച് മറ്റുള്ളവരോടു പറയാൻ എല്ലാ ശിഷ്യന്മാർക്കും കടമയുണ്ട്.


## ചോദ്യങ്ങൾ


1. ഹേറോദിയാ സ്നാപകനെ വെറുക്കാൻ കാരണമെന്ത്?
2. യേശുവിനെ അനുഗമിച്ചിരുന്ന സ്ത്രീകളിൽ മൂന്നുപേരുടെ പേരു പറയുക.
3. വിതക്കാരന്റെ ഉപമയിൽനിന്ന് എന്തു പാഠമാണ് നിങ്ങൾക്കു ലഭിക്കുന്നത്?
4. യേശുവിന്റെ സഹോദരങ്ങളാകാൻ നാം എന്തു ചെയ്യണം?
5. രത്നവ്യാപാരിയുടെ ഉപമയിലൂടെ യേശു എന്താണ് പഠിപ്പിക്കുന്നത്?
6. കൊടുങ്കാറ്റിൽ തോണി മുങ്ങാറായപ്പോൾ ശിഷ്യന്മാർ എന്തു ചെയ്തു?
7. രക്തസ്രാവക്കാരി പരസ്യമായി പ്രത്യക്ഷപ്പെടാൻ ഭയന്നതെന്തുകൊണ്ട്?
8. തങ്ങളുടെ നാടുവിട്ടുപോകാൻ ഗരസേനർ യേശുവിനോടാവശ്യപ്പെട്ടതെന്തുകൊണ്ട്?
9. യേശു പ്രകൃതിയുടെ നാഥനാണെന്ന് തെളിയിക്കുന്ന രണ്ടു സംഭവങ്ങൾ വിവരിക്കുക.
10. ശിഷ്യന്മാർ എന്തു പ്രസംഗിക്കണം എന്നാണ് യേശു കല്പിച്ചത്?




പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുറ്റിനടന്ന് യേശു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു. യേശുവിനെ അനുഗമിച്ചവരുടെ കൂട്ടത്തിൽ പല സ്ത്രീകളും ഉണ്ടായിരുന്നു. പിശാചുബാധയിൽനിന്ന് യേശു മോചിപ്പിച്ച മേരി മഗ്ദലേന അവരിൽ പ്രധാനിയായിരുന്നു. അന്നൊരു ദിവസം.




ഗുരോ, ഹേറോദേസ് രാജാ
വിന്റെ കാര്യവിചാരിപ്പുകാര
നായ കൂസായുടെ ഭാര്യയാണി
വൾ, യൊവാന്നാ.
ശാലോം
യൊവാന്നാ.
കൊട്ടാരത്തിൽ
എന്താണു
സംഭവിച്ചത്?
അതു പറയാൻ
തന്നെയാണു ഞാൻ
വന്നത്.
രാജാവിനു സ്നാപ
കനോടു വലിയ
ബഹുമാനമായി
രുന്നു.
അതുകൊണ്ടാണല്ലോ
ഇരുട്ടറയിൽ അടച്ചത്.
രാജാവ് പലപ്പോഴും
അദ്ദേഹത്തിന്റെ ഉപ
ദേശം തേടിയിരുന്നു.
ഇത് രാജ്ഞിക്ക്
ഒട്ടും ഇഷ്ടമായില്ല.
പകരം വീട്ടാൻ
അവൾക്കൊരവസരം കിട്ടി.


ഹേറോദേസ് രാജാവ് തന്റെ പിറന്നാൾ ദിവസം രാജസേവക ന്മാർക്കും സേനാധിപന്മാർക്കും പ്രഭുക്കന്മാർക്കും ഒരു വിരുന്നു നല്കി. പരിചാരകന്മാരുടെകൂടെ എന്റെ ഭർത്താവും ഉണ്ടായിരുന്നു.
ഹേറോദേസിന്റെ വിരുന്നു സല്ക്കാരം.
വിരുന്നിനിടയിൽ ഹേറോദിയാ
മഹാരാജാവിന്റെ ബഹുമാനാർത്ഥം അടുത്തതായി രാജകുമാരി സലോമി നൃത്തം ചെയ്യുന്നതാണ്.
!



സലോമിയുടെ നൃത്തം എല്ലാ
വർക്കും ഇഷ്ടപ്പെട്ടു.
നൃത്തത്തിന്റെ അവസാനം
സലോമീ, നിന്റെ നൃത്തം എനിക്കിഷ്ടമായി. നിനക്കിഷ്ടമുള്ളതെന്തുവേണമെങ്കിലും ചോദിച്ചുകൊള്ളൂ.
എന്തു ചോദിച്ചാലും തരുമോ?
എന്തും. എന്റെ രാജ്യത്തിന്റെ പകുതിപോലും ഞാൻ നിനക്കു തരാം. ചോദിച്ചുകൊള്ളൂ.


സലോമി തന്റെ അമ്മയുമായി ആലോചിച്ചു.
?
പറയൂ, എന്താണ് നിനക്കു വേണ്ട സമ്മാനം?
സ്നാപകന്റെ തല ഒരു താലത്തിൽവച്ച് എനിക്കിപ്പോൾ തരണം.
അതുമാത്രം പറ്റില്ല. മറ്റന്തെങ്കിലും ചോദിക്കൂ. പണമോ, ആഭരണങ്ങളോ, രാജ്യമോ...
!!!!
മഹാരാജാവു വാക്കു പാലിക്കണം. ഇല്ലെങ്കിൽ ഈ മഹാസഭയുടെ മുമ്പിൽ അങ്ങേയ്ക്കു വിലയില്ലാതാവും. പ്രജകൾ അങ്ങയെ മാനിക്കുകയില്ല.


?
!
സേവകൻ, സ്നാപകന്റെ തല ഒരു വെള്ളിത്താലത്തിൽ സലോമിക്കു കൊടുക്കൂ! ശരീരം അദ്ദേഹത്തിന്റെ ശിഷ്യന്മാർക്കു വിട്ടുകൊടുക്കൂ.
!!!?


രക്തമൊഴുകുന്ന തലയിൽ തുറന്നിരുന്ന കണ്ണുകൾ വിരുന്നുശാലയിലുണ്ടായിരുന്നവരെയെല്ലാം ഭയപ്പെടുത്തി. എന്റെ ഭർത്താവിന്റെ മനസ്സിനു സമനില നഷ്ടപ്പെട്ടു.
!!?


ഓ സ്നാപകൻ! ഒരു നർത്തകിക്കു സമ്മാനമായി അങ്ങയുടെ തല... ഇതിനു ഞങ്ങൾ പ്രതികാരം ചെയ്തേ അടങ്ങൂ.


അതേ സമയം നസ്രത്തിൽ
ഇളയമ്മ ഞങ്ങളുടെ കൂടെ വേഗം വരണം.
എങ്ങോട്ട്?
കഫർണാമിൽ യേശുവിന്റെ അടുക്കലേക്ക്.
എന്താ ഇത്ര അത്യാവശ്യം
യേശുവിന് സുബോധം നഷ്ടപ്പെട്ടിരിക്കുന്നു. ഇളയമ്മ പറഞ്ഞാൽ ഒരു പക്ഷേ നമ്മുടെ കൂടെ മര്യാദയ്ക്കു പോന്നേക്കും.
അല്ലെങ്കിൽ ഞങ്ങൾ ബലം പ്രയോഗിക്കേണ്ടി വരും.
അവന്റെ ശത്രുക്കൾ പറഞ്ഞു പരത്തുന്ന നുണ നിങ്ങളും വിശ്വസിച്ചോ?
സ്നാപകനെ കൊന്നശേഷം ഹേറോദേസ് ഇപ്പോൾ യേശുവിനെ നോട്ടമിട്ടിരിക്കയാണ്.
വിശ്വാസമല്ല പ്രശ്നം. നമ്മൾ ഇടപെട്ടില്ലെങ്കിൽ നാട്ടുകാർ അവനെ വകവരുത്തിയെന്നു വരും.


അവർ യേശുവിനെ അന്വേഷിച്ചു പുറപ്പെട്ടു. യേശു ജനക്കൂട്ടത്തോടു സംസാരിക്കുകയായിരുന്നു.
വിതയ്ക്കാരൻ വിതയ്ക്കാൻ പുറപ്പെട്ടു. വിതയ്ക്കുമ്പോൾ ചില വിത്തു വഴിയരികിൽ വീണു.
ആളുകൾ അതു ചവിട്ടിയരിക്കുകയും പക്ഷികൾ കൊത്തിത്തിന്നുകയും ചെയ്തു.
ചിലത് മുൾച്ചെടികൾക്കിടയിൽ വീണു. മുൾച്ചെടികൾ അതിനെ ഞെരുക്കിക്കളഞ്ഞു.
ചിലത് നല്ല നിലത്തുവീണു. അതു വളർന്ന് നൂറുമേനി ഫലം പുറപ്പെടുവിച്ചു.


കേൾക്കാൻ ചെവിയു
ള്ളവർ കേൾക്കട്ടെ.
ആരും വിളക്കുകൊ
ളുത്തി പറയുടെ കീഴിലോ
കട്ടിലിനടിയിലോ
വയ്ക്കുന്നില്ലല്ലോ.
വീട്ടിനകത്തു വെളിച്ചം
കാണാൻ അതു പീഠത്തി
ന്മേലല്ലേ വയ്ക്കുന്നത്?
വെളിച്ചത്തിൽ വരാതെ
രഹസ്യമായി ഇരിക്കുന്ന
ഒന്നുമില്ല.



ദൈവരാജ്യം വിതയ്ക്കപ്പെട്ട വിത്തു പോലെയാണ്. വിതച്ചവൻ രാവും പകലും ഉറങ്ങിയും ഉണർന്നും കഴിയുന്നു.
അവൻ അറിയാതെ വിത്തു മുളച്ചു വളരുന്നു.
ധാന്യം വിളഞ്ഞു പാകമാകുമ്പോൾ അവൻ അരിവാൾ എടുക്കുന്നു.


യേശു പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ജനക്കൂട്ടത്തിൽനിന്ന് ഒരാൾ
ഗുരോ, അങ്ങയുടെ അമ്മയും സഹോദരങ്ങളും അങ്ങയെ കാണാൻ വന്നു നില്ക്കുന്നു. ജനക്കൂട്ടം കാരണം അടുത്തുവരാൻ കഴിയുന്നില്ല.
ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരങ്ങൾ?
ഇതാ എന്റെ അമ്മയും സഹോദരങ്ങളും.
ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും.



യേശു ദൈവരാജ്യത്തെക്കുറിച്ചുള്ള പഠിപ്പിക്കൽ തുടർന്നു.
ദൈവരാജ്യത്തെ ഞാൻ എന്തിനോടാണുപമിക്കുക? എന്തിനോടാണതിനെ താരതമ്യം ചെയ്യുക? അത് ഒരു കടുകുമണിപോലെയാണ്.
നിലത്തുവിതയ്ക്കുന്ന വിത്തുകളിൽ ഏറ്റം ചെറുതാണത്.
എന്നാൽ അതു വളർന്നുകഴിയുമ്പോൾ ആകാശപ്പറവകൾക്കു ചേക്കാറാൻ കഴിയുന്നത്ര വലുതായിത്തീരുന്നു.


ദൈവരാജ്യം ഏതാണ്ടിതു പോലെയാണ്. ഒരാൾ തന്റെ വയലിൽ നല്ല വിത്തു വിതച്ചു.
രാത്രിയിൽ അയാളുടെ ശത്രു വന്ന് ഗോതമ്പിനിട യിൽ കള വിതച്ചു.
ഗോതമ്പു വളർന്നു കതി രിട്ടപ്പോൾ കളകളും പ്രത്യ ക്ഷപ്പെട്ടു. അപ്പോൾ
യജമാനനേ, വയലിൽ നല്ല വിത്തല്ലേ വിതച്ചത്? പിന്നെ കളകളുണ്ടായത് എവിടെനിന്ന്?
ശത്രുവിന്റെ പണിയാണത്.



ഞങ്ങൾപോയി കളകൾ പറിച്ചു നീക്കട്ടെ?
വേണ്ടാ. കളയോടൊപ്പം ഗോതമ്പുചെടികളും നിങ്ങൾ പിഴുതുകളഞ്ഞെന്നുവരും. കൊയ്ത്തുവരെ അവ ഒരുമിച്ചു വളരട്ടെ.
കൊയ്ത്തു കാലമാകുമ്പോൾ ഞാൻ കൊയ്ത്തുകാരോടു പറയും: ആദ്യമേ കളകൾ ശേഖരിച്ച് തീയിലിടുവിൻ. ഗോതമ്പ് എന്റെ ധാന്യപ്പുരയിൽ ശേഖരിക്കുവിൻ.
നിങ്ങൾക്കു നല്കിയിരിക്കുന്ന ദാനങ്ങൾക്ക് ദൈവം ഒരിക്കൽ കണക്കു ചോദിക്കും. ഒരുങ്ങിയിരിക്കുവിൻ.



അവർ വീട്ടിലെത്തിയപ്പോൾ
അങ്ങെന്താണ് ഇപ്പോൾ ഉപമകളിലൂടെ സംസാരിക്കുന്നത്?
ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയാനുള്ള വരം നിങ്ങൾക്കാണ് നല്കപ്പെട്ടിട്ടുള്ളത്. അവരാകട്ടെ, കണ്ടിട്ടും കാണുന്നില്ല. കേട്ടിട്ടും ഗ്രഹിക്കുന്നില്ല.
അവർ സത്യത്തിനെതിരേ കണ്ണും കാതും അടച്ചിരിക്കുന്നു. മാനസാന്തരപ്പെട്ടു രക്ഷ പ്രാപിക്കാൻ കഴിയാത്തവിധം ഹൃദയം കഠിനമായിരിക്കുന്നു.
വിതക്കാരന്റെ ഉപമയുടെ അർത്ഥം ഇതാണ്. ദൈവവചനമാണ് വിത്ത്. വിതയ്ക്കുന്നതു മനുഷ്യപുത്രൻ. നിലം മനുഷ്യഹൃദയം.


ചിലർ വചനം ശ്രവിച്ചെങ്കിലും വിശ്വസിക്കുകയോ മനസ്സുതിരിയുകയോ ചെയ്യുന്നില്ല. പിശാച് അവരുടെ ഹൃദയങ്ങളിൽനിന്ന് വചനം എടുത്തുകളയുന്നു. ഇതാണ് വഴിയരുകിൽ വീണ വിത്ത്.
ജീവിതക്ലേശങ്ങൾ, ദ്രവ്യാഗ്രഹം, സുഖഭോഗാസക്തികൾ മുതലായവയാൽ ചിലരുടെ ഹൃദയങ്ങളിൽ വചനം ഫലം പുറപ്പെടുവിക്കുന്നില്ല. ഇതാണ് മുള്ളുകൾക്കിടയിൽ വീണത്.
മറ്റു ചിലരാകട്ടെ, വചനം കേട്ട് ഉൽക്കൃഷ്ടവും നിർമ്മലവുമായ ഹൃദയത്തിൽ അതു സംഗ്രഹിച്ച്, ക്ഷമയോടെ ഫലം പുറപ്പെടുവിക്കുന്നു.
അതിനാൽ എപ്രകാരമാണ് വചനം ശ്രവിക്കുന്നത് എന്നതിൽ ശ്രദ്ധയുള്ളവരായിരിക്കുവിൻ.


വിലയേറിയ രത്നങ്ങൾ ശേഖരിക്കുന്ന ഒരു രത്നവ്യാപാരി ഉണ്ടായിരുന്നു.
ഇത്ര മനോഹരമായൊരു രത്നം ഞാൻ ഇതുവരെ കണ്ടിട്ടില്ല. ഇതു സ്വന്തമാക്കാൻ കഴിഞ്ഞാൽ എനിക്കു മറ്റൊന്നും വേണ്ടാ.
ഈ രത്നത്തിന് എന്താണ് വില?
ഇത് ഒരു അമൂല്യ രത്നമാണ്.
എന്റെ കൈവശം കുറെയേറെ രത്നങ്ങളുണ്ട്. അവ നിങ്ങൾ വാങ്ങുമോ?
കാണട്ടെ.
എന്റെ മുഴുവൻ സമ്പത്താണിത്.
ശരി, നമുക്കു വച്ചുമാറാം.


ഇതുപോലെയാണ് ദൈവരാജ്യം. അതു കണ്ടെത്തുന്നവന്റെ ഹൃദയം സന്തോഷത്താൽ നിറയുന്നു.
ഇതുവരെ സമ്പാദിച്ചതെല്ലാം ഈ പുതിയ അനുഭവത്തിന്റെ വെളിച്ചത്തിൽ വെറും കരിക്കട്ട പോലെ വില കെട്ടതായിത്തീരുന്നു.
ദൈവരാജ്യത്തിൽ പ്രവേശിക്കാൻവേണ്ടി മറ്റെല്ലാം ഉപേക്ഷിക്കുക നഷ്ടമല്ല, ലാഭമാണ്.
വരുവിൻ. നമുക്ക് അക്കരയ്ക്കു പോകാം.


അവർ വഞ്ചിയിൽ കയറി പുറപ്പെട്ടു. ക്ഷീണിതനായിരുന്ന യേശു ഉറങ്ങി.
ഇന്നു വലിയ കാറ്റും കോളും ഉണ്ടാകുമെന്നു തോന്നുന്നല്ലോ.
ഒച്ചവയ്ക്കാതെ. ഗുരു ഉറങ്ങിക്കൊള്ളട്ടെ.
!!?
പെട്ടെന്ന്.
കർത്താവേ രക്ഷിക്കണേ. ഞങ്ങളിതാ നശിക്കുന്നു.
!??


അടങ്ങുക.
ശാന്തമാവുക.


ഉടനെ കാറ്റു നിലച്ചു. കടൽ ശാന്തമായി.
നിങ്ങൾ എന്തിനു ഭയപ്പെട്ടു? നിങ്ങളുടെ വിശ്വാസം എവിടെ?
!!!


ഇവൻ ആരാണ്?
കാറ്റും കടലും ഇവനെ അനുസരിക്കുന്നല്ലോ!
!!



ഇതൊരു വിജന പ്രദേശമാണെന്നു തോന്നുന്നല്ലോ.
ഇതു ദെക്കാപ്പോളിസിന്റെ ഭാഗമാണ്. ഈ മലയുടെ അപ്പുറത്താണ് ഗെറാസാപട്ടണം.


അവർ പട്ടണത്തെ ലക്ഷ്യം വച്ചു നീങ്ങി.
റോമാക്കാരുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാണ് ഈ പ്രദേശം. "സിറിയായുടെ ഭാഗമാണിപ്പോൾ" മുഴുവൻ വിജാതീയർ.
എന്താ, വലിയൊരലർച്ചയല്ലേ ആ കേട്ടത്?


നിനക്കു തോന്നിയതാവും. ഇവിടെ ആര് എന്തിന് അലറണം?
അതാ നോക്കൂ!


ഒരു പിശാചുബാധിതൻ അവർക്കു നേരേ വന്നു.
അശുദ്ധാത്മാവേ, അവനെ വിട്ടുപോകൂ!
!!!!
ആ....
യേശുവേ, ദൈവത്തിന്റെ പുത്രാ, നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു?
നിന്റെ പേരെന്ത്?
ലെഗിയോൺ. ഞങ്ങൾ അനേകം പേരുണ്ട്.


ഞങ്ങളെ ആ പന്നിക്കൂട്ടത്തി
ലേക്കയയ്ക്കൂ. ഞങ്ങൾ
അവയിൽ പ്രവേശിച്ചു
കൊള്ളാം.
പോകുവിൻ.
!!?


ഉടനെ രണ്ടായിരത്തോളം
പന്നികൾ കടലിൽ ചാടി
ച്ചത്തു.
?!


വിവരമറിഞ്ഞ് ചുറ്റുമുള്ള ആളുകൾ ഓടിക്കൂടി
താങ്കൾ ഉടനെ ഇവിടം വിട്ടുപോകണം.
!!!?
!



യേശുവും ശിഷ്യന്മാരും കൂടി ഗലീലിയിലേക്കു മടങ്ങാൻ വഞ്ചിയിൽ കയറി. അപ്പോൾ
ഗുരോ, ഞാനും അങ്ങയുടെ കൂടെ വരട്ടെ?
വേണ്ടാ. നീ സ്വന്തക്കാരുടെ അടുത്തേക്കു പോവുക. കർത്താവു നിനക്കുവേണ്ടി ചെയ്ത കാര്യങ്ങൾ അവരെ അറിയിക്കുക.


അയാൾ ദെക്കാപ്പോളിസിൽ മുഴുവൻ യേശു തനിക്കുവേണ്ടി ചെയ്ത കാര്യങ്ങൾ പ്രഘോഷിച്ചു. യേശുവും ശിഷ്യന്മാരും മറുകരെ തിരിച്ചെത്തി.
അതാ ഗുരുനാഥൻ വരുന്നു.
ഇന്ന് എന്താണാവോ പഠിപ്പിക്കാൻ പോകുന്നത്. ആ വാക്കുകൾ എത്ര കേട്ടാലും മതിയാവില്ല.
!!!
ഇതുപോലെ മറ്റാരും ഇതിനു മുമ്പു സംസാരിച്ചിട്ടില്ല.
യേശു കരയ്ക്കിറങ്ങിയപ്പോൾ സിനഗോഗധികാരിയായ ജായ്റോസ്
ഗുരോ, എന്നോടു കരുണ തോന്നണം.
എഴുന്നേല്ക്കൂ! എന്താണു വേണ്ടതെന്നു പറയൂ.
!!?
എന്റെ കൊച്ചുമകൾ മരിക്കാറായിക്കിടക്കുന്നു. അങ്ങു വന്ന് അവളെ രക്ഷിക്കണം.
എവിടെയാണ് വീട്? മുമ്പേ നടക്കൂ.


വഴി മദ്ധ്യേ
ആരാണ് എന്റെ വസ്ത്ര ത്തിൽ തൊട്ടത്?
ആളുകൾ തിക്കി ഞെരുക്കുന്നതു കണ്ടില്ലേ? എന്നിട്ട് ആരാണ് വസ്ത്രത്തിൽ തൊട്ടത് എന്നു ചോദി ക്കുന്നതെന്ത്?
ആരോ എന്റെ വസ്ത്ര ത്തിൽ തൊട്ടു. എന്നിൽ നിന്ന് ശക്തി പ്രവഹിച്ചി രിക്കുന്നു. ആരാണത്?
!
ഗുരോ, ക്ഷമിക്കണം. ഞാനാണ്. പന്ത്രണ്ടു വർഷമായി രക്ത സ്രാവം ബാധിച്ചവ ളാണു ഞാൻ.
?!!


വൈദ്യന്മാർ എന്റെ മുതൽ മുഴുവൻ അപഹരിച്ചു. രോഗം മോശമായതേയുള്ളൂ. അപ്പോഴാണ് ഞാൻ അങ്ങയെക്കുറിച്ചു കേട്ടത്.
ആളുകൾക്കിടയിൽ വരാൻ എനിക്കു ഭയമായിരുന്നു. ഞാൻ അശുദ്ധയാണല്ലോ. എങ്കിലും അങ്ങയുടെ വസ്ത്രത്തിന്റെ വിളുമ്പി ലൊന്നു തൊടാൻ കഴി ഞ്ഞാൽ എനിക്കു സുഖം ലഭിക്കും എന്ന് എനിക്കറി യാമായിരുന്നു.
!
കർത്താവേ, എനിക്കിപ്പോൾ പൂർണ്ണ സുഖമായി.
മകളേ, സമാധാനമായിരിക്കൂ. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.
!!?


അവർ സംസാരിച്ചുകൊണ്ടു നില്ക്കുമ്പോൾ ജായ്റോസിന്റെ വീട്ടിൽനിന്ന് ആളുകൾ വന്നു.
അങ്ങയുടെ മകൾ മരിച്ചുപോയി. ഇനി ഗുരുവിനെ എന്തിനു ബുദ്ധിമുട്ടിക്കുന്നു?
ഗുരോ!
ഭയപ്പെടേണ്ടാ. വിശ്വസിക്കുക മാത്രം ചെയ്യുക.
പത്രോസ്, യാക്കോബ്, യോഹന്നാൻ, നിങ്ങൾ എന്റെ കൂടെ വരുവിൻ. ബാക്കി എല്ലാവർക്കും മടങ്ങിപ്പോകാം. ജായ്റോസ് വീട്ടിലേക്കു നടക്കൂ!
വീട്ടിൽ എത്തിയപ്പോൾ
ആ...എന്റെ മകളേ, ഇത്ര വേഗം നീ ഞങ്ങളെ വിട്ടു പോയല്ലോടീ....
കരയേണ്ടാ. കുട്ടി മരിച്ചിട്ടില്ല. ഉറങ്ങുകയാണ്. ജായ്റോസ്, എവിടെയാണ് കുട്ടി കിടക്കുന്നത്?
മരണവും ഉറക്കവും തമ്മിൽ തിരിച്ചറിയാൻ ഞങ്ങൾക്കറിയില്ലെന്നോ?
കണ്ട ഞങ്ങൾക്കാണോ അറിയാവുന്നത് അതോ....


തന്റെ മൂന്നു ശിഷ്യന്മാരെയും ബാലികയുടെ മാതാപിതാക്കളെയും മാത്രം കൂട്ടി യേശു ബാലികയുടെ മുറിയിൽ പ്രവേശിച്ചു.
ബാലികേ എഴുന്നേല്ക്കൂ!
!!!
?!!!!
കർത്താവേ, അങ്ങേയ്ക്കു സ്തോത്രം.
ഇതു നിങ്ങൾ ആരോടും പറയരുത്. അവൾക്കു ഭക്ഷണം കൊടുക്കൂ. വിശക്കുന്നുണ്ടാവും.


കുറച്ചുനാൾ കഴിഞ്ഞ് യേശു തന്റെ പന്ത്രണ്ട ഷസ്തോലന്മാരെയും വിളിച്ചുകൂട്ടി.
നിങ്ങൾ എന്നിൽനിന്നു പഠിച്ചതു പ്രഘോഷിക്കാനുള്ള സമയമായി. ഈരണ്ടു പേരായി ഗലീലിയിലെ എല്ലാ പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും പോകുവിൻ.


യാത്രയ്ക്കു വടിയോ സഞ്ചിയിൽ പണമോ ഒന്നും എടുക്കരുത്. രണ്ടുടുപ്പും എടുക്കേണ്ടാ.


ഏതെങ്കിലും ഗ്രാമത്തിലോ, പട്ടണത്തിലോ ചെല്ലുമ്പോൾ അവിടെ ഒരു വീട്ടിൽ താമസിക്കുവിൻ.


വീട്ടുകാർ തരുന്നതു ഭക്ഷിക്കുവിൻ. ആ ഗ്രാമത്തിലും പട്ടണത്തിലുമുള്ള രോഗികളെ സുഖപ്പെടുത്തുവിൻ. പിശാചുക്കളെ പുറത്താക്കുവിൻ.


"ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിക്കുവിൻ" എന്നു പ്രസംഗിക്കുവിൻ.
ഗുരോ, ആരെങ്കിലും ഞങ്ങളെ സ്വീകരിച്ചില്ലെങ്കിലോ?


അവരുടെ തെരുവിൽ ഇറങ്ങിനിന്ന് എല്ലാവരും കേൾക്കെ ഇപ്രകാരം പറയണം.











ഗലീലിയിലെ പ്രവർത്തനം അതിന്റെ അന്ത്യത്തോടടുക്കുന്നു. യേശുവിന്റെ മുമ്പിൽ തീരുമാനമെടുക്കാൻ സമയമായി.

# ദൈവപുത്രൻ




# ദൈവപുത്രൻ

**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph:0484 2352110